തീയതി 06.10.2017

# പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപണിക്കായി 300 കോടി രൂപ അനുവദിച്ചു.

പൊതുമരാമത്തു റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിന് 2017-2018 സാമ്പത്തിക വർഷം 310 കോടി രൂപ അനുവദിച്ചിരുന്നു. തിരുവനന്തപുരം - 24.2, കൊല്ലം - 20.97, പത്തനംതിട്ട - 18.75, ആലപ്പുഴ - 15.6, കോട്ടയം - 33.12, ഇടുക്കി - 21.77, എറണാകുളം - 30.9, തൃശൂർ - 24.55, പാലക്കാട് - 24.65, മലപ്പുറം - 26.55, കോഴിക്കോട് - 22.35, വയനാട് - 8.25, കണ്ണൂർ -24.5, കാസർഗോഡ് - 15.35 കോടി രൂപ എന്നിങ്ങനെ ഓരോ ജില്ലയ്ക്കും പണം അനുവദിച്ചിട്ടുണ്ട്. ഇക്കാര്യം എല്ലാ എം.എൽ.എമാരെയും കത്തു മുഖേന പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി അറിയിച്ചിരുന്നു. ഓരോ മണ്ഡലങ്ങളിലും നടത്തേണ്ട പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ അതാത് എഞ്ചിനീയർമാരുമായി ബന്ധപ്പെട്ട് തീരുമാനിച്ച് അറ്റകുറ്റപ്പണി നടത്താൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായും കാര്യക്ഷമമായും നടക്കുന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും അറിയിച്ചിരുന്നു. എന്നാൽ പല മണ്ഡലങ്ങളിലും ഇതുവരെ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല എന്ന് കാണുന്നതായി മന്ത്രി ജി. സുധാകരൻ അറിയിച്ചു. ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ഇക്കര്യത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കണമെന്നും, എം.എൽ.എമാർ ഈ പ്രവൃത്തികൾ നിരീക്ഷിക്കണമെന്നും, കുറ്റമറ്റ രീതിയിൽ പ്രവൃത്തി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ഓരോ നിയമസഭാ മണ്ഡലത്തിലും അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് മണ്ഡലത്തിലെ എല്ലാ റോഡുകളും ഗതാഗത യോഗ്യമാക്കണമെന്നും പൊതുമരാമത്ത് വകുപ്പ് മന്ത്രി അറിയിച്ചു.